# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4628** **13.11.2019-ൽ മറുപടിക്ക്**

## സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി : | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ കേരള കടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായവർ എത്ര എന്നറിയിക്കാമോ; | (എ) | കേരള കടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ 30/09/2019 വരെ 55517 പേർ അംഗങ്ങളായിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികൾ ഒരു വിഭാഗം വിവിധ രോഗങ്ങൾക്ക് അടിമകളും, രോഗം പരത്തുന്നവരുമാണ് എന്ന യാഥാർത്ഥ്യം പരിശോധിച്ചുവോ; എങ്കിൽ ഇവർക്ക് ആവശ്യമായ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്താനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) | ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പ് നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിൽ ഇവരുടെ പരിശോധനയും രോഗനിർണ്ണയവും നടത്തിവരുന്നുണ്ട്. രോഗനിർണ്ണയം നടത്തി തുടർ ചികിത്സ ആവശ്യമായ സാഹചര്യത്തിൽ സംസ്ഥാന ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ആയത് ലഭ്യമാക്കുന്നുണ്ട്. ടി തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പുകൾക്കു പുറമെ ബോധവൽക്കരണ ക്ലാസ്സും തൊഴിലിടങ്ങളിലും വാസസ്ഥലങ്ങളിലും ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനയും ആരോഗ്യ അവബോധം സൃഷ്ടിക്കുന്നതിന് പ്രചരണ ക്ലാസ്സും സംഘടിപ്പിച്ചു വരുന്നുണ്ട്. ടി തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷയും ജീവിത സുരക്ഷയും ഉറപ്പു വരുത്തുന്നതിന് സംസ്ഥാന സർക്കാർ ആവാസ് അഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലാളിക്ക് പ്രതിവർഷം 25,000/- രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാകുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതര സംസ്ഥാന തൊഴിലാളികളിൽ പലരും മോഷണം ഉൾപ്പെടെയുള്ള ക്രിമിനൽ പ്രവൃത്തികൾക്ക് നേതൃത്വം നൽകൽ, ഭാഗമാകൽ എന്നിവയിൽ വ്യാപൃതരാകുന്നതും ആയത് വർദ്ധിച്ചുവരുന്നതുമായ വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു തടയുവാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം ആഭ്യന്തര വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ